പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3470 — 23.06.2014 ൽ മറുപടിക്ക്

## ജനങ്ങൾക്ക് സൈ്വരജീവിതം ഉറപ്പാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>,, എസ്. ശർമ്മ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. സുരേഷ്കുറുപ്പ് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ജനങ്ങൾക്ക് സൈ്വരജീവിതം ഉറപ്പാക്കാൻ സാധിക്കാതിരിക്കുന്ന തായ ആക്ഷേപത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; കുറ്റകൃത്യങ്ങൾ വളരെയധികം വർദ്ധിക്കാനിടയായ പ്രത്യേക സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വളരെയധികം വർദ്ധിക്കാൻ ഇടയായ സാഹചര്യമില്ല. |
| (ബി) കുറ്റകൃത്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നവർ ഗുണ്ടകളാൽ ആക്രമിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമം നടപ്പിലാക്കാൻ ബാദ്ധ്യതപ്പെട്ടവരിൽ ഒരു വിഭാഗം നിയമലംഘകർക്കൊപ്പമായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) നിയമത്തിന്റെയും നിയമനടത്തിപ്പിന്റെയും വഴികൾ അധികാരത്തിലിരിക്കുന്നവരുടെ ഇച്ഛക്കനുസരണമായിരിക്കുന്നു എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും ഭീഷണികളിൽ നിന്ന് ജനങ്ങൾക്ക് മോചനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനായി കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം കർശനമായി നടപ്പിലാക്കുകയും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ തടവിൽ പാർപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ